**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 502** **09-07-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായമേഖലയിൽ വിദേശ സാങ്കേതികവിദ്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം വ്യവസായ മേഖലയിൽ വിദേശ കമ്പനികളുടെ ഉടമസ്ഥതയിൽ ഏതെങ്കിലും സ്ഥാപനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>ലിങ്ക് ഗ്രൂപ്പ് യുണൈറ്റഡ് കിങ്ഡം (Link Group United Kingdom) എന്ന കമ്പനി കാസർഗോഡ് ജില്ലയിലെ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ലിങ്ക് ഔട്ട്സോഴ്സ് സൊല്യൂഷൻസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് (Link Outsource Solutions India (P) Limited) എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട, ചെന്നീർക്കരയിലെ അക്കായ് നാച്ചുറൽ ഇൻഗ്രീഡിയൻസ് പ്രൈവറ്റ് ലിമിറ്റഡ് (Akay Natural Ingredients (P) Limited) എന്ന സ്ഥാപനം ഡെൻമാർക്ക് ആസ്ഥാനമായ Ottera Group ഏറ്റെടുത്തിട്ടുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ തിരുവനന്തപുരത്തുള്ള കിൻഫ്ര ഫിലിം & വീഡിയോ പാർക്കിൽ ജർമ്മൻ ആസ്ഥാനമായ ബഹുരാഷ്ട്ര കമ്പനി M/s. D-Space, അമേരിക്ക ആസ്ഥാനമായ ബഹുരാഷ്ട്ര കമ്പനി M/s. Vensure HCM - എന്നിവ പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | കേരളത്തിലെ വ്യവസായമേഖലയിൽ വിദേശ കമ്പനികളുടെ സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിലൂടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങളെന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്.<br><br>പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ, ഇന്ത്യൻ നേവിയുടെ കപ്പലുകൾക്ക് വേണ്ട ഇ.എം. ലോഗ്(സ്പീഡ് അളക്കുന്നതിനുള്ള ഉപകരണം) നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ വിദേശ കമ്പനിയിൽ നിന്നാണ് സ്വീകരിച്ചു വരുന്നത്.<br><br>വിദേശ സാങ്കേതികവിദ്യ സ്വീകരിക്കുന്നതിലൂടെ വ്യവസായ മേഖലയിൽ ഉത്പാദന പ്രവർത്തനം വേഗത്തിലാക്കി കൂടുതൽ ഗുണമേൻമയുള്ള ഉത്പന്നം കയറ്റുമതി ചെയ്യാൻ കഴിയുന്നു. കയറ്റുമതി |

| | | | |
|---|---|---|---|
| | | | വർദ്ധിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ ആഭ്യന്തരോത്പന്നം ഉയരുകയും ചെയ്യും |
| (സി) | പ്രസ്തുത സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി കേരളത്തിലെ വ്യവസായങ്ങളെ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധേയമാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ